***'CORRUPTION, A CRIME AGAINST NATION'***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 11 .04 ..2023**

## "കൈക്കൂലി വാങ്ങുന്നതിനിടെ ഹെഡ് ക്ലാർക്ക് വിജിലൻസ് പിടിയിലായി"

ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിനും, അധിക സ്റ്റാമ്പ് ഡ്യൂട്ടി അടക്കാതിരിക്കുന്നതിനുമായി 3,500/- രൂപ കൈക്കൂലി വാങ്ങിയ മലപ്പുറം ജില്ലയിലെ മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിലെ ഹെഡ് ക്ലാർക്ക് ബിജു പി.വി ഇന്ന് (11.04.2023)വിജിലൻസിന്റെ പിടിയിലായി.

മലപ്പുറം ജില്ലയിലെ മഞ്ചേരി കോടതിയിലെ അഭിഭാഷകനുമായ പരാതിക്കാരന്റെ കക്ഷിക്ക് ഭാഗപത്രം തയ്യാറാക്കി രജിസ്ട്രേഷൻ നടത്തുന്നതിനായി ഇക്കഴിഞ്ഞ ബുധനാഴ്ച മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. ഭാഗപത്രം കുടുംബവിഭാഗത്തിൽ ഉൾപ്പെടുത്തി രജിസ്ട്രേഷൻ നടത്തുന്നതിനും, അധികം സ്റ്റാമ്പ് ഡ്യൂട്ടി അടക്കാതിരിക്കുന്നതിനുമായി മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിലെ ഹെഡ് ക്ലാർക്കായ ബിജു 3,500/- രൂപ കൈക്കൂലിയായി നൽകണമെന്ന് പരാതിക്കാരനോട് ഇന്നലെ ആവശ്യപ്പെട്ടു. പരാതിക്കാരൻ ഈ വിവരം മലപ്പുറം വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ഫിറോസ് എം.ഷഫീഖിനെ അറിയിക്കുകയുണ്ടായി. തുടർന്ന് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കെണി ഒരുക്കി ഇന്ന് (11.04.2023) രാവിലെ 10.15 മണിയോടെ മഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും 3,500/- രൂപ കൈക്കൂലി വാങ്ങവെ ബിജുവിനെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണ് ഉണ്ടായത്. പിടികൂടിയ പ്രതിയെ ഇന്ന് കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ വിജിലൻസ്, മലപ്പുറം യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.ഫിറോസ്.എം.ഷഫീഖിനെ കൂടാതെ ഇൻസ്പെക്ടർമാരായ ജിൻസ്റ്റൻ എം.സി, ഗിരീഷ്, സബ് ഇൻസ്പെക്ടർമാരായ സജി, ശ്രീനിവാസൻ, മധുസൂദനൻ, മോഹനകൃഷ്ണൻ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ഹനീഫ, മുഹമ്മദ് സലിം, എസ്.സി.പി.ഒ മാരായ പ്രജിത്ത്, സുബിൻ, പ്രശോബ്, ധനേഷ്, രാജീവ്, സന്തോഷ്, രത്നകുമാരി, ഹാരിസ്, ശ്യാമ, സി.പി.ഒ മാരായ നിഷ എന്നിവരടങ്ങിയ വിജിലൻസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.